**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 578** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മാണി. സി. കാപ്പൻ

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് നിരവധി ആളുകൾ സഹകരണ ബാങ്കുകളിൽ നിന്നുള്ള വായ്പകൾ തിരിച്ചടയ്ക്കാൻ പറ്റാതെ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ടി ആളുകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പലിശ ഇളവുകൾ നൽകി ജപ്തി നടപടികളിൽനിന്നും സംരക്ഷിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ തിരിച്ചടയ്ക്കാൻ ബുദ്ധിമുട്ടുന്നവരെ സഹായിക്കാനായി **"ആശ്വാസ് 2026"** എന്ന പേരിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2026 ജൂൺ 1 മുതൽ ഓഗസ്റ്റ് 31 വരെ ഉള്ള കാലയളവിൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം പിഴപ്പലിശ പൂർണമായും, പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50 ശതമാനം വരെയും ഇളവുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി കാലയളവിൽ ജപ്തി /ലേല നടപടികൾ നിർത്തിവച്ചിട്ടുണ്ട്.

**(ബി)** ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** 2026 ജൂൺ 1 മുതൽ 2026 ഓഗസ്റ്റ് 31 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ട്. പിഴപ്പലിശ പൂർണമായും ഒഴിവാക്കി കൊണ്ടും പലിശ പരമാവധി 50 ശതമാനം വരെ ഇളവു ചെയ്തുകൊണ്ടും വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിനും ഒറ്റതവണയായി കുടിശ്ശിക തുക അടച്ച് തീർക്കാൻ കഴിയാത്ത വായ്പക്കാർക്ക് പിഴപ്പലിശയും മറ്റ് ചെലവുകളും പൂർണ്ണമായി ഒഴിവാക്കി കൊണ്ട് തവണ വ്യവസ്ഥയിൽ അടച്ച് തീർക്കുന്നതിനും ടി പദ്ധതി പ്രകാരം അവസരം നൽകുന്നു.

**സെക്ഷൻ ഓഫീസർ**